/73089/2022

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. ശ്രീമതി.പ്രിയങ്ക.ജി. IAS )

വിഷയം:- വനിതശിശുവികസനവകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുമായി (MGNREGS) ചേർന്ന് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:

1. സാമൂഹ്യനീതിഡയറക്ടറുടെ 30/03/2017 തീയതിയിലെ ICDS/A7- നമ്പർ ഉത്തരവ്
2. ഈ കാര്യാലയത്തിലെ 25/07/2022 തീയതിയിലെ DWCD/355/2022-ICDS A7 നമ്പർ ഉത്തരവ്
3. മലപ്പുറം പ്രോഗ്രാം ആഫീസറുടെ 13/09/2022,30/11/2022 തീയതികളിലെ ബി-343/22 നമ്പർ കത്ത്
4. പാലക്കാട് പ്രോഗ്രാം ആഫീസറുടെ 20/10/2022 തീയതിയിലെ ബി/1628/22 നമ്പർ കത്ത്
5. പത്തനംതിട്ട പ്രോഗ്രാം ആഫീസറുടെ 24/11/2022,18/11/2022 തീയതികളിലെ സി2-324/2021 നമ്പർ കത്ത്

**ഉത്തരവ് നം. DWCD/355/2022-ICDS A7 തീയതി: 23-12-2022**

വനിതശിശുവികസന വകുപ്പിനു കീഴിലുള്ള 923 അങ്കണവാടികൾക്ക് MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 2016-17 സാമ്പത്തിക വർഷം കേന്ദ്ര ഗവൺമെന്റ് അനുമതി നൽകുകയും ആദ്യഘട്ടമായി സംസ്ഥാന സർക്കാർ 720 അങ്കണവാടി കെട്ടിടങ്ങളുടെ തുകയായ 14.40 കോടി രൂപ അനുവദിക്കുകയുമുണ്ടായി .ടി പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് 5 ലക്ഷം രൂപ MGNREGS വിഹിതവും 2 ലക്ഷം രൂപ 60 : 40 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളും ശേഷിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിട നിർമ്മാണത്തിന്റെ ഫണ്ട് വിനിയോഗിക്കുന്നത് MGNREGS മിഷൻ ഡയറക്ടർ മുഖേനയാണ്. ആയത് പ്രകാരം ആദ്യഘട്ടമായി അനുവദിച്ച 720 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് വകുപ്പ് വിഹിതമായി 2 ലക്ഷം രൂപ നിരക്കിലുള്ള 14.40 കോടി രൂപ MGNREGS മിഷൻ ഡയറക്ടറുടെ T S B അക്കൗണ്ട് നം. 799011400000486 ലേക്ക് നിക്ഷേപിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം 720 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി വിവിധ ഘട്ടങ്ങളിലായി നൽകിയിട്ടുണ്ട്. MGNREGS പ്രകാരം ആദ്യഘട്ടമായി നിർമ്മാണാനുമതി നൽകിയിട്ടുള്ള 720 അങ്കണവാടികളിൽ 113 അങ്കണവാടികളുടെ നിർമ്മാണാനുമതി വിവിധ ഉത്തരവുകൾ പ്രകാരം റദ്ദ് ചെയ്തിരുന്നു.

MGNREGS പദ്ധതിയിൽപ്പെടുത്തി 11 അങ്കണവാടികൾക്ക് കെട്ടിടനിർമ്മാണാനുമതി ആവശ്യപ്പെട്ട് വിവിധ ജില്ലകളിലെ പ്രോഗ്രാം ആഫീസർമാരിൽ നിന്നും പരാമർശം (3) (4) (5) പ്രകാരം

പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അനുബന്ധമായി ചേർത്തിട്ടുള്ള 11 അങ്കണവാടികൾക്ക് MGNREGS പദ്ധതിയിൽപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനും MGNREGS മിഷൻ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ള 14.40 കോടി രൂപയിൽ നിന്നും വകുപ്പ് വിഹിതമായി കെട്ടിടം ഒന്നിന് 2,00,000/- ( രണ്ട് ലക്ഷം രൂപ മാത്രം ) നിരക്കിൽ ആകെ 22,00,000/- (ഇരുപത്തിരണ്ട് ലക്ഷം രൂപ മാത്രം) ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ടി തുക ഉപയോഗിച്ച് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനും ആവശ്യമായ സത്വരനടപടികൾ സ്വീകരിക്കേണ്ടതും ബന്ധപ്പെട്ട സിഡിപിഒമാർ നിർമ്മാണ പുരോഗതി വിലയിരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

പരാമർശം (2) (3) (4) (5) പ്രകാരമുള്ള ഉത്തരവുകൾ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

മിഷൻ ഡയറക്ടർ
MGNREGS, കവടിയാർ
തിരുവനന്തപുരം

(ഒപ്പ്)
**വനിത ശിശു വികസന ഡയറക്ടർ**

പകർപ്പ് :

1) പ്രോഗ്രാം ആഫീസർ
തിരുവനന്തപുരം/മലപ്പുറം/പത്തനംതിട്ട/പാലക്കാട്
2) ബന്ധപ്പെട്ട സിഡിപിഒമാർക്ക്
3) ഫയൽ/സ്റ്റോക്ക് ഫയൽ

ligned by Priyanka G
Date: 23-12-2022 23:36:49

73090/2022

<u>അനുബന്ധം</u>

<u>MGNREGS പദ്ധതി പ്രകാരം കെട്ടിടനിർമ്മാണാനുമതി നൽകുന്ന 11 അങ്കണവാടികളുടെ ലിസ്റ്റ്</u>

**ഉത്തരവ് നം** DWCD/355/2022-ICDS A7 **തീയതി :** 23-12-2022

| ക്രമ നം | ജില്ല | പ്രോജക്റ്റ് | പഞ്ചായത്ത് | അങ്കണവാടി സെൻറർ നം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | വാമനപുരം | മാണിക്കൽ | 78 |
| 2 | പാലക്കാട് | ചിറ്റൂർ | കൊഴിഞ്ഞാമ്പാറ | 28 |
| 3 | പാലക്കാട് | തൃത്താല | നാഗലശ്ശേരി | 60 |
| 4 | പാലക്കാട് | തൃത്താല | തിരുമിറ്റക്കോട് | 55 |
| | പാലക്കാട് | കുഴൽമന്ദം | കുഴൽമന്ദം | 20 |
| 5 | മലപ്പുറം | മങ്കട | കുറുവ | 109 |
| 6 | മലപ്പുറം | വണ്ടൂർ അഡീഷണൽ | തിരുവാലി | 68 |
| 7 | മലപ്പുറം | വണ്ടൂർ അഡീഷണൽ | തിരുവാലി | 70 |
| 8 | പത്തനംതിട്ട | പറക്കോട് അഡീഷണൽ | കടമ്പനാട് | 72 |
| 9 | പത്തനംതിട്ട | കോയിപ്രം | ഇരവിപേരൂർ | 16 |
| 10 | പത്തനംതിട്ട | കോയിപ്രം | ഇരവിപേരൂർ | 126 |
| 11 | പത്തനംതിട്ട | കോന്നി | തണ്ണിത്തോട് | 90 |

വനിതശിശുവികസനഡയറക്ടർ

Signed by Priyanka G
Date: 23-12-2022 23:38:26